ആലപ്പുഴ ജില്ലയിൽ നിർമ്മിക്കപ്പെട്ട വീടുകൾ

129 (6047) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തെ ഏറ്റവും ജനസാന്ദ്രതയുള്ള പട്ടണമായ ആലപ്പുഴയിൽ എത്ര വീടുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി എത്ര പുതിയ വീടുകൾ നിർമ്മിക്കപ്പെട്ടുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആലപ്പുഴ നഗരസഭയിൽ 48528 വീടുകളും ജില്ലയിലെ 73 ഗ്രാമപഞ്ചായത്തുകളിലായി 487069 വീടുകളും ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ 25373 വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്.

ഐ. എ. വൈ. ഭവന പദ്ധതി

130 (6048) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഐ.എ.വൈ. ഭവന പദ്ധതി പ്രകാരം ഒരു വീടിന് നൽകിയിരുന്ന സാമ്പത്തിക സഹായം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ കേന്ദ്ര സംസ്ഥാന വിഹിതം എത്രയാണെന്നറിയിക്കുമോ ;

(സി) ഈ വർഷം മുതൽ ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(ഡി) ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾ അധിക ധനസഹായം നൽകുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എത്ര വീതമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ) പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം വരെ പുതിയ വീടുകളുടെ നിർമ്മാണത്തിന് അനുവദനീയമായ തുക സാധാരണ പ്രദേശങ്ങളിൽ 35,000 രൂപയും കുന്നിൻ പ്രദേശങ്ങൾ/ ബുദ്ധിമുട്ടുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിലേത് 38,500 രൂപയുമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly